പാരലൽ കോളേജുകളിൽ പഠിക്കുന്ന ഒ. ഇ. സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

71 [2456] *ശ്രീമതി പി. കെ. ശ്രീമതിടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാരലൽ കോളേജുകളിൽ പഠിക്കുന്ന ഒ. ഇ. സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം ഏതു കാലയളവുവരെ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് വിതരണം ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ആവശ്യമായ അലോട്ട്മെന്റും എല്ലാ ജില്ലകളിലെയും പട്ടികജാതി വികസന ഓഫീസർമാർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) മതിയായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരികയാണ്.

(സി) നടപ്പുവർഷം ഒ. ഇ. സി. വിഭാഗക്കാരുടെ വിദ്യാഭ്യാസ ആനുകൂല്യത്തിനായി 1564.40 ലക്ഷം രൂപ വിവിധ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക തീർത്തുനൽകുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കുന്ദമംഗലത്ത് ഒ. ബി. സി. ഹോസ്റ്റൽ പണിയാൻ നടപടി

72 [2457] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് ഒ.ബി.സി. ഹോസ്റ്റൽ പണിയുന്ന കാര്യം പരിഗണനയിലുണ്ടോ;

GPM. 2/612/2012—16

LIBRARY ARCHIVES Kerala Legislative Assembly